മംഗലാപുരം എന്നീ താലൂക്കുകളിലെ എല്ലാ കമ്പോഷാപ്പുകളും ഗണ്ഡോഷാപ്പുകളും ഒഴികെ സംസ്ഥാനത്തുള്ള മറ്റെല്ലാ അബ്കാരി ഷാപ്പുകളുടേയും 1956-57-ാമാണ്ടത്തെ ലേലം കഴിഞ്ഞിട്ടുണ്ട്. പ്രസ്തുത ലേലത്തിൽ വിളിച്ചിട്ടുള്ള തുക 1955-56-ാമാണ്ടത്തെ ലേലത്തുകയേക്കാൾ ഇരുപത്തി അഞ്ചുലക്ഷത്തി എഴുപതിനായിരത്തി എണ്ണൂറ്റി മുപ്പത് രൂപ കൂടുതലാണ്.

വലിയതുറ കടൽപ്പാലം.

* 228. [11] ശ്രീ. പി. വിശ്വംഭരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വലിയതുറ കടൽപ്പാലം നിർമ്മിക്കുന്നതിനുള്ള കാൺട്രാക്ട് എന്നാണ് കൊടുത്തത് ;

(ബി) എത്ര കാലത്തിനുള്ളിൽ അത് പൂർത്തിയാക്കണമെന്നാണ് വ്യവസ്ഥ ചെയ്തിരുന്നത് ;

(സി) പാലം ഇപ്പോൾ പൂർത്തിയായോ ;

(ഡി) ഇല്ലെങ്കിൽ എപ്പോൾ പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നത് ;

(ഈ) പാലംപണി പൂർത്തിയാക്കുന്നതിനു മുൻപുതന്നെ അവിടെ ചരക്കുകൾ കയറ്റിയിറക്കുന്നതിനാവശ്യമായ ഇടമുകൾ നിർമ്മിക്കുന്നതിനു് ഗവണ്മെൻറുദ്ദേശിക്കുന്നുണ്ടോ ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) 1950 ഡിസംബർ 18-ാംനു.

(ബി) കടൽപ്പാലം പണി പൂർത്തിയാക്കുന്നതിനു 3 കൊല്ലം അതായതു് 1-1-1954 വരെ സമയം വ്യവസ്ഥചെയ്തിരുന്നു.

(സി) 1955 മേയ്മാസത്തിലെ കൊടുങ്കാറ്റുമൂലം സംഭവിച്ച കേടുപാടുകൾ തീർക്കുന്നതൊഴിച്ചു് പാലം പണി പൂർത്തിയായിട്ടുണ്ട്.

(ഡി) 1956 ഏപ്രിൽ അവസാനത്തോടുകൂടി എല്ലാ-പണികളും പൂർത്തിയാകുമെന്നു് പ്രതീക്ഷിക്കുന്നു.

(ഈ) ഉദ്ദേശിക്കുന്നുണ്ടു്.

എസ്റ്റിമേറ്റ് കമ്മിറ്റിറിപ്പോർട്ട്.

* 229. [14] ശ്രീ. ആർ. പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1954-55, 1955-56 എന്നീ വർഷങ്ങളിലെ എസ്റ്റിമേറ്റ് കമ്മിറ്റി റിപ്പോർട്ടുകളിന്മേൽ എന്തു നടപടി നടത്തി ;

(ബി) അവയുടെ സ്വഭാവമെന്തു് ?

[ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജോൺ) :

(എ) 1954-55 വർഷത്തിലെ എസ്റ്റിമേറ്റ് കമ്മിറ്റിറിപ്പോർട്ടുകളിന്മേൽ ഗവണ്മെൻറിന്റെ നടപടികളെപ്പറ്റിയുള്ള വിശദവിവരങ്ങളടങ്ങിയ Brochure കൾ മെമ്പറന്മാർക്കു് വിതരണംചെയ്തു കഴിഞ്ഞിട്ടുണ്ടു്.

(ബി) 1955-56 വർഷത്തിലെ എസ്റ്റിമേറ്റ് കമ്മിറ്റിറിപ്പോർട്ടുകൾ ഗവണ്മെൻറിന്റെ പരിഗണനയിൽ ഇരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly